# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി6/1016/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 13/08/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി6/1016/2021 തീയ്യതി: 13/08/2021

## കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-01-2020 മുതൽ 13-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വാസുദേവൻ എം | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 28-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി.ഇ.വി.,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ് കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിനിത്ത്.എ), സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഫ്സൽ. ടി.എം., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ലിസ്സി ചാക്കോ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ലുക്മാൻ.എം.പി. | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ.ഗിരീഷ് കുമാർ. കെ | സെക്രട്ടറി | 29-07-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അബ്ദുറഹിമാൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.ലൂസി.കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.കാർത്തികേയൻ | വെറ്ററിനറി സർജൻ | 01-04-2019 | 03-09-2019 |
| ഡോ.മുജീബ് റഹ്മാൻ | വെറ്ററിനറി സർജൻ | 04-09-2019 | 31-03-2020 |
| ശ്രീ.സന്ദീപ് .കെ | വി.ഇ.ഒ | 01-04-2019 | 29-09-2019 |
| ശ്രീമതി.ഫസീല.കെ.കെ | വി.ഇ.ഒ | 30-09-2019 | 31-03-2020 |
| ശ്രീ.സുരേഷ്.കെ.പി | വി.ഇ.ഒ | 01-04-2019 | 02-10-2019 |
| ശ്രീ.ഉനൈസ് അലി.സി.പി. | വി.ഇ.ഒ | 03-10-2019 | 31-03-2020 |
| ശ്രീമതി.റെജിമോൾ.കെ.എ | ഡയറി എക്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജമീല.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ബാബു.വി.പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 30-07-2019 |
| ശ്രീ.കെ. നാരായണൻ | അസിസ്റ്റന്റ് സെക്രട്ടറി | 30-07-2019 | 31-03-2020 |
| ഡോ.സ്മിത.കെ.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 06-06-2019 |
| ഡോ.ഹബിനത്ത്.കെ.എം. | മെഡിക്കൽ ഓഫീസർ ഹോമിയോ | 07-06-2019 | 15-11-2019 |
| ഡോ.ജിഷ്ല .കെ.എ | മെഡിക്കൽ ഓഫീസർ ഹോമിയോ | 15-11-2019 | 31-03-2020 |
| ശ്രീ.ഷബീർ അഹമ്മദ്.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.പ്രദീപ് കുമാർ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 06-08-2019 |
| ശ്രീ.രഞ്ജീഷ്.ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-08-2019 | 31-03-2020 |
| ശ്രീ.ജോയ് എബ്രഹാം | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-1 |
| 2 | വാർഷിക കണക്ക് അപാകത<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-2 |
| 3 | രജിസ്റ്ററുകളിൽ വ്യക്തമായ രേഖപ്പെടുത്തലില്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-2-1 |
| 4 | ബാധ്യത തുകകളിൽ അവ്യക്തത<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-2-2 |
| 5 | സ്റ്റെയിൽ ചെക്ക് ഹെഡിൽ ഉൾപ്പെടുത്തിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-2-3 |
| 6 | വസ്തു നികുതി ഇളവ്/ഒഴിവ് ഉൾപ്പെട്ടില്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-2-4 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-4-1 |
| 10 | ചെലവുശതമാനം തുച്ഛം<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-4-2 |
| 11 | പദ്ധതി അവലോകനം<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-5 |
| 12 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-6 |
| 13 | ക്ഷേമപദ്ധതികൾ<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-7 |
| 14 | ക്യാഷ് ബാലൻസ്<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-8 |
| 15 | തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച്<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-9 |
| 16 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-10 |
| 17 | കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു/ലഭ്യമല്ല - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-11 |
| 18 | | 1-12 |

| | | |
|---|---|---|
| | 12 ച. മി. യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് - സംബന്ധിച്ച്<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | |
| 19 | ചെക്ക് മടങ്ങി - തുടർനടപടി സ്വീകരിച്ചില്ല<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-13 |
| 20 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുമ്പോൾ, തനത് ഫണ്ട് ഉപയോഗിച്ചു റോഡ് പണി നടത്തുന്നു<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-14 |
| 21 | നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ചു<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-15 |
| 22 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-16 |
| 23 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-17 |
| 24 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-18 |
| 25 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-19 |
| 26 | സ്പിൽഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-20 |
| 27 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-21 |
| 28 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-22 |
| 29 | കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-23 |
| 30 | റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-24 |
| 31 | കരാറുകാരുടെ ജി. എസ്. ടി ഇൻവോയിസ് ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-25 |

| | | |
|---|---|---|
| 32 | മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 25-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-26 |
| 33 | ജല അതോറിറ്റിക്ക് വെള്ളക്കരമൊടുക്കൽ - കൃത്യത ഉറപ്പു വരുത്തുന്നില്ല<br>Written By: E.V Hari (Audit Officer, On 23-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-27 |
| 34 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: E.V Hari (Audit Officer, On 23-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-28 |
| 35 | അങ്കണവാടികളിലെ പോഷകാഹാര വിതരണം<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-29 |
| 36 | അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ ഫയൽ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പിലെ പൊതു അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-30 |
| 37 | ആശ്രയ- അവലോകനം<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-31 |
| 38 | ക്യാൻസർ നിർണ്ണയ ക്യാമ്പ് - രോഗ നിർണ്ണയം നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha Samuel (Asst. Audit Officer, On 19-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Jisha Samuel (Asst. Audit Officer, On 19-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jisha Samuel (Asst. Audit Officer, On 19-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha Samuel (Asst. Audit Officer, On 19-07-2021)<br>Last Updated By: Vasudevan M (Deputy Director, On 12-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

25.3.2020 ലെ 1/1 നമ്പർ തീരുമാനപ്രകാരം 2019-20 വർഷത്തെ ബജറ്റ് പുതുക്കിയിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 18457320 |
| വരവ് | 246492550 |
| ആകെ | 264949870 |
| ചെലവ് | 254705301 |
| നീക്കിയിരിപ്പ് | 10244569 |

### 1-2 വാർഷിക കണക്ക് അപാകത

2019-20 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

### 1-2-1 രജിസ്റ്ററുകളിൽ വ്യക്തമായ രേഖപ്പെടുത്തലില്ല

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 ൽ ഉൾപ്പെട്ടതും, പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ചതുമായ തുകയുടെ(പ്രത്യേകം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാതെ ഒന്നിലധികം ഇനങ്ങൾ ഒരുമിച്ച് നിക്ഷേപിക്കുന്ന) വരവ്, ചെലവ് വിവരങ്ങൾ പരിശോധിക്കാനുതകും വിധം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. വിവിധയിനം ഡെപ്പോസിറ്റുകളായി ലഭിക്കുന്ന തുകയുടെ വരവ്, റീഫണ്ട് എന്നിവ പരിശോധിക്കത്തക്ക രീതിയിൽ ഓരോയിനത്തിനും പ്രത്യേകം രേഖപ്പെടുത്തൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ നടത്തിയിട്ടില്ല.

3. ഡി ആന്റ് ഒ ലൈസൻസ് ഇനത്തിലെ ഡിമാന്റ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. മുൻവർഷത്തിൽ അഡ്വാൻസ് കളക്ഷനായി ലഭിക്കുന്ന തുക, തൻവർഷത്തെ യഥാർത്ഥ വരവ്, അടുത്ത വർഷത്തേയ്ക്കുള്ള അഡ്വാൻസ് കളക്ഷൻ എന്നിവ പരിശോധിക്കാവുന്ന വിധത്തിൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളോ, സംക്ഷിപ്തമോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തൊഴിൽ നികുതി (വ്യാപാര സ്ഥാപനങ്ങളുടേയും, ജീവനക്കാരുടേയും)പിരിവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-2-2 ബാധ്യത തുകകളിൽ അവ്യക്തത

1. സംയുക്ത പ്രോജക്ടുകൾക്കായി 2019-20 വർഷത്തിൽ ലഭിച്ച തുകയിൽ വിവിധ പ്രോജക്ടുകളിലായി 509000/-രൂപ ചെലവഴിക്കാൻ ബാക്കിയായി അവശേഷിക്കുന്നുണ്ട്. എന്നാൽ ഈ തുക നിക്ഷേപിച്ചിട്ടുള്ള ട്രഷറി അക്കൗണ്ടിൽ 501492/-രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 ലെ ഹെഡ് ഓഫ് അക്കൗണ്ട് 320700204 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച തുകയിൽ 138207/-രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതൊക്കെ പദ്ധതികളുടെ നീക്കിയിരിപ്പാണെന്നത് വ്യക്തമല്ല.

3. ഐ.സി.ഡി.എസ്. പദ്ധതിയ്ക്ക് ലഭിക്കുന്ന തുക ഉൾപ്പെടുത്തുന്ന 320100121എന്ന ഹെഡിന്റെ ലഡ്ജർ ബുക്ക് പ്രകാരം വർഷാവസാന നീക്കിയിരിപ്പ് 2066601/- രൂപയാണ്. എന്നാൽ ഈയിനത്തിന്റെ ബാധ്യത തുകയായി ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ടത് 3066601/-രൂപയാണ്. തുടർന്നുള്ള വർഷത്തിൽ ആയത് ക്രമീകരിച്ചത് എൻക്വയറിയ്ക്ക് മറുപടിയായി ബോധിപ്പിച്ചു.

### 1-2-3 സ്റ്റെയിൽ ചെക്ക് ഹെഡിൽ ഉൾപ്പെടുത്തിയില്ല

പഞ്ചായത്തിൽ നിന്നും നൽകിയതും മൂന്നു മാസത്തിലധികമായിട്ടും പണം പിൻവലിക്കാത്തതുമായ ചെക്കുകൾ യഥാസമയം സ്റ്റെയിൽ ചെക്ക് ഹെഡിൽ ഉൾപ്പെടുത്തുന്നില്ല. തനതുഫണ്ട് സൂക്ഷിക്കുന്ന കോടഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 31.3.2020ലെ റീകൺസീലിയേഷൻ പത്രികയിൽ 27.6.2017മുതൽ 27.12.2019 വരെയുള്ള ഒമ്പതോളം ചെക്കുകൾ ഉൾപ്പെട്ടിരിക്കുന്നു. ഇവ 2020 ജൂലായ് മാസത്തിലാണ് സ്റ്റെയിൽ ചെക്ക് ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യഥാസമയം സ്റ്റെയിൽ ചെക്കുകൾ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2-4 വസ്തു നികുതി ഇളവ്/ഒഴിവ് ഉൾപ്പെട്ടില്ല

വസ്തുനികുതിയിൽ തൻവർഷം നൽകിയ വേക്കൻസി റെമിഷൻ, വിവിധ വിഭാഗങ്ങൾക്ക് നൽകിയ നികുതി ഒഴിവ്, റൈറ്റ് ഓഫ് ചെയ്ത നികുതി തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇത്തരം ഇടപാടുകൾ ഉൾപ്പെടുന്നത് ഡിമാന്റ് തുകയിലുള്ള കുറവായിട്ടാണ്. വാർഷികകണക്കിൽ മേൽ ഇനങ്ങളിലുള്ള തുക ഉൾപ്പെടുത്താതെ യഥാർത്ഥ ഡിമാന്റിൽ കുറവ് വരുത്തി ഉൾപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29914004 |
| വരവ് | 72389925 |
| ആകെ | 102303929 |
| ചെലവ് | 37525257 |
| നീക്കിയിരിപ്പ് | 64778672 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി. | വരവ്(എ.സി.ആർ. പ്രകാരം) | ആകെ | ചെലവ്(എ.സി.ആർ. പ്രകാരം) | സി.ബി. | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | - | 24350047 | 24350047 | 17460863 | 6889184 | 71.7% |
| വികസനഫണ്ട് എസ്.സി.പി. | | - | 4893882 | 4893882 | 2268633 | 2625249 | 46.36% |
| വികസനഫണ്ട് ടി.എസ്.പി. | | - | 2308294 | 2308294 | 1144309 | 1163985 | 49.57% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | - | 17268257 | 17268257 | 5916488 | 11351769 | 34.26% |
| സംരക്ഷണഗ്രാന്റ് റോഡ് | | - | 22423000 | 22423000 | 5317237 | 17105763 | 23.71% |
| സംരക്ഷണഗ്രാന്റ് റോഡിതരം | | - | 7163000 | 7163000 | 2991071 | 417929 | 41.76% |
| സംയുക്ത പ്രോജക്ടുകൾ | ബ്ലോക്ക് പഞ്ചായത്ത് | 384000 | 2766000 | 3150000 | 2641000 | 509000 | |
| | ജില്ലാ പഞ്ചായത്ത് | 379765 | 2145000 | 2524765 | 2524765 | -- | |
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവുകൾ | 18713 | 1561622 | 1580335 | 1579369 | 966 | |
| | കൂലി | | 26547451 | 26547451 | 26547451 | | |
| വിമുക്തി | | 100453 | - | 100453 | -- | 100453 | |
| കേരളോത്സവം | | - | 20000 | 20000 | -- | 20000 | |
| ശുചിത്വ മിഷൻ | | 1639222 | - | 1639222 | -- | 1639222 | |
| ഐ.സി.ഡി.എസ് | | 1097417 | 1969184 | 3066601 | 1003079 | 2063522 | |
| ടി.എസ്.സി. | | 188407 | 41803 | 230210 | -- | 230210 | |

തൻവർഷം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ജി.ഒ. പ്രോജക്ടുകളായി ചെലവഴിച്ച തുക മേൽ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ജി.ഒ. പ്രോജക്ടുകളുടെ ഫണ്ട് തിരിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | പ്രോജക്ട് | തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | സമ്പൂർണ്ണ പാർപ്പിട പദ്ധതി- ലൈഫ് മിഷൻ | 198529 |
| | KWA കുടിശ്ശിക തുക | 3447 |
| വികസനഫണ്ട് എസ്.സി.പി. | സമ്പൂർണ്ണ പാർപ്പിട പദ്ധതി- ലൈഫ് മിഷൻ | 22059 |

| | | |
|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | സമ്പൂർണ്ണ പാർപ്പിട പദ്ധതി- ലൈഫ് മിഷൻ | 7353 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 7139900 | 14000860 |
| | സേവനം | 20675952 | 216067868 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 4882000 | 23014998 |
| വികസനഫണ്ട് ടി.എസ്.പി. | സേവനം | 2238200 | 5996800 |
| സംരക്ഷണഗ്രാന്റ് റോഡിതരം | സേവനം | 3612756 | 14527560 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 26706760 | 27106760 |

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല. ആയത് പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

## 1-4-2 ചെലവുശതമാനം തുച്ഛം

2019-20 വർഷത്തിൽ സംസ്ഥാന ബജറ്റ് പ്രകാരമുള്ള തുക മുഴുവനായി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവ യഥാസമയം ചെലവഴിക്കാത്തതിനാൽ നാലു കോടിയോളം രൂപ പഞ്ചായത്തിന് നഷ്ടമായി.

| ഫണ്ടിനം | സംസ്ഥാന ബജറ്റ് വിഹിതം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 2,47,54,000 | 2,43,50,047 | 2,43,50,047 | 1,74,60,863 | 68,89,184 | 71.7% |
| വികസനഫണ്ട് എസ്.സി.പി. | 49,38,000 | 48,93,882 | 48,93,882 | 22,68,633 | 26,25,249 | 46.36% |
| വികസനഫണ്ട് ടി.എസ്.പി. | 23,23,000 | 23,08,294 | 23,08,294 | 11,44,309 | 11,63,985 | 49.57% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,72,64,000 | 1,72,68,257 | 1,72,68,257 | 59,16,488 | 1,13,51,769 | 34.26% |
| സംരക്ഷണഗ്രാന്റ് റോഡ് | 2,24,23,000 | 2,24,23,000 | 2,24,23,000 | 53,17,237 | 1,71,05,763 | 23.71% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 71,63,000 | 71,63,000 | 71,63,000 | 29,91,071 | 4,17,929 | 41.76% |
| | | | | | 3,95,53,879 | |

വർഷാവസാനത്തിൽ പൂർത്തീകരിച്ചതും, ബിൽ ട്രഷറിയിൽ സമർപ്പിച്ച് ക്യൂവിൽ വന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് ജനറൽ | 25,72,375 |
| വികസനഫണ്ട് എസ്.സി.പി. | 28,000 |
| വികസനഫണ്ട് ടി.എസ്.പി. | 8,100 |
| സംരക്ഷണഗ്രാന്റ് റോഡ് | 31,77,489 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | -- |
| ആകെ | 57,85,964 |

വർഷാവസാനം നാലു കോടിയോളം രൂപ ബാക്കിയുണ്ടായിട്ടും 57ലക്ഷത്തിന്റെ ബില്ലുകൾ മാത്രമാണ് ക്യൂ ബില്ലുകളായി ഉൾപ്പെട്ടിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ്, റോഡ് സംരക്ഷണ ഗ്രാന്റ് എന്നീയിനങ്ങളിൽ മാത്രമാണ് മൂന്നുകോടിയോളം

രൂപ നഷ്ടപ്പെട്ടിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വികസനപ്രവർത്തനങ്ങൾക്ക് ലഭിച്ച തുക നഷ്ടപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിശദീകരണം നൽകുകയുണ്ടായി. മറുപടിയിൽ വിശദീകരിച്ച കാലവർഷവും, പ്രളയവും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടാകുമെങ്കിലും, സ്പിൽ ഓവർ പദ്ധതികളിലൂടെ ഈ പ്രോജക്ടുകൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന വാദം അംഗീകരിക്കാനാവുന്നതല്ല. സ്പിൽ ഓവർ പദ്ധതികൾക്കായി ചെലവഴിച്ച തുക മുഴുവൻ തുടർവർഷത്തേയ്ക്ക് ലഭിച്ച വിഹിതത്തിൽ നിന്നാണ് ചെലവിട്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ തുടർവർഷത്തെ പ്രോജക്ട് നിർവ്വഹണത്തിന് ഈ ഫണ്ട് കുറവ് ബാധിച്ചിട്ടുണ്ടാവും. മറുപടിയിൽ വിവരിച്ച മറ്റൊരു കാരണം ലോക്ക്ഡൗൺ ഉണ്ടായതാണ്. മാർച്ച് അവസാനവാരത്തിൽ മാത്രമാണ് ലോക്ക്ഡൗൺ പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ സമയക്രമം പാലിക്കാതെ വർഷാവസാനത്തിലേയ്ക്ക് വന്നതാണ് ഇതിന് കാരണം. വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ യഥാസമയം നടപ്പാക്കി പ്രാദേശിക വികസനം ഉറപ്പു വരുത്തേണ്ടതും, പൊതുജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ ശ്രമിക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 303 | 126065188 | 47859789 | 82 | 50 | 171 | 27% |

213 പദ്ധതികളടങ്ങുന്ന വാർഷിക പദ്ധതിയാണ് ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങിയത്. തുടർന്ന് വിവിധ ഘട്ടത്തിൽ നടന്ന ഭേദഗതികൾക്ക് ശേഷം അന്തിമ പദ്ധതിയിൽ ആകെ 303പദ്ധതികളാണുള്ളത്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

2019-20 വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 5328 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 8291 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 78020 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 291 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 28126820 |

എൻ.ആർ.ഇ.ജി.എസ്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18713 | 1561622 | 1580335 | 1579369 | 966 |
| കൂലി | | 26547451 | 26547451 | 26547451 | |

ഭരണസമിതിയുടെ തീരുമാനം നം. 18/3, തീയതി:12/12/2018 പ്രകാരം 158 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 90 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് .

| നടപ്പാക്കിയ പ്രവൃത്തികൾ | എണ്ണം |
|---|---|
| തൊഴുത്ത് നിർമാണം | 18 |
| ആട്ടിൻ കൂട് | 2 |
| Farm Pond | 1 |
| കിണർ | 27 |
| റോഡ് നിർമ്മാണം | 17 |
| Waterconservation Work | 45 |
| | |

| | |
|---|---|
| ലൈഫ് ഭവനനിർമാണം | 1 |
| I H H L | 2 |
| ആകെ | 113 |

നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ച് കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ ഫയലുകളിൽ ചേർത്തിട്ടില്ല.

പദ്ധതികളുടെ തുടർ മോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതി | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82920 | 47 |
| കർഷകതൊഴിലാളി വേതനം | 4656000 | 913 |
| വിധവാ പെൻഷൻ | 6292200 | 1152 |
| വികലാംഗ പെൻഷൻ | 2511800 | 467 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 140400 | 30 |
| വാർദ്ധക്യകാല പെൻഷൻ | 11727600 | 2519 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-07-2021ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

## 1-9 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച്

1) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 ഒന്നാം/രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| തൊഴിൽ നികുതി രജിസ്റ്റർ ക്രമ നം. | വാർഡ് നം./സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | എ. എം. എൽ. പി. എസ് നൂറാംതോട് | 2 -ാം അർദ്ധ വർഷം |
| 8 | ഡിസ്ട്രിക്ട് കോ ഓപറേറ്റീവ് ബാങ്ക് കോടഞ്ചേരി | 1 & 2 അർദ്ധ വർഷം |
| 21 | ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ,<br>കെ. എസ്. ഇ. ബി, ചെമ്പ്കടവ് | 1 & 2 അർദ്ധ വർഷം |
| 24 | ബി. എസ്. എൻ. എൽ, കോടഞ്ചേരി | 1 & 2 അർദ്ധ വർഷം |
| 25 | തിരുവമ്പാടി പ്ലാന്റേഷൻ | 2 -ാം അർദ്ധ വർഷം |
| 26 | കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 2 -ാം അർദ്ധ വർഷം |
| 31 | ക്ഷീരോൽപാദക സംഘം, നെല്ലിപ്പോയിൽ | 2 -ാം അർദ്ധ വർഷം |
| 32 | ക്ഷീരോൽപാദക സംഘം, കണ്ണോത്ത് | 1 & 2 അർദ്ധ വർഷം |
| 37 | എൽ. എസ്. ജി. ഡി, കോടഞ്ചേരി | 2 -ാം അർദ്ധ വർഷം |
| 39 | മർകസ് യൂനാനി മെഡിക്കൽ കോളേജ് | 2 -ാം അർദ്ധ വർഷം |

| | | |
|---|---|---|
| 42 | എം. എൻ. ആർ. ഇ. ജി. എസ് | 2 -ാം അർദ്ധ വർഷം |
| 48 | പോസ്റ്റ് ഓഫീസ്, കൂടത്തായി | 2 -ാം അർദ്ധ വർഷം |
| 53 | പോസ്റ്റ് ഓഫീസ്, നൂറാംതോട് | 2 -ാം അർദ്ധ വർഷം |
| 58 | പുത്തുമന പ്ലാന്റേഷൻ | 1 & 2 അർദ്ധ വർഷം |
| 59 | റീജിയനൽ കമ്പ്യൂട്ടർ സെന്റർ ,അക്ഷയ | 1 & 2 അർദ്ധ വർഷം |
| 64 | സെന്റ് ജോൺസ് ഹൈസ്കൂൾ, നെല്ലിപ്പൊ യിൽ | 2 -ാം അർദ്ധ വർഷം |
| 74 | സെന്റ് മേരീസ് ജ്ഞാനോദയ ഇംഗ്ലീഷ് സ്കൂൾ | 1 & 2 അർദ്ധ വർഷം |
| 77 | സബ് റജിസ്ട്രാർ ഓഫീസ്, കോടഞ്ചേരി | 1 & 2 അർദ്ധ വർഷം |
| 86 | വനിതാ സഹകരണ ബാങ്ക്, കോടഞ്ചേരി | 2 -ാം അർദ്ധ വർഷം |

2) 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്.

| ക്രമ നം. (ഡി&ഒ രജിസ്റ്റർ) | അപേക്ഷകന്റെ പേര് | വാർഡ് നം./ സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 16 | കെ.പി. ശേഖരൻ | 10/510,511 പൂളക്കണ്ടി ഹൌസ്, നൻമണ്ട, | 5 | |
| 207 | ഡോ.ബാബു.കെ.പി | 10/547,548,549 ഹെർമിറ്റ് ഡെന്റൽ ക്ലിനിക്ക് | 1 | ഈ സ്ഥാപനത്തിൽ നിന്നും 600 രൂപയാണ് തൊഴിൽ നികുതിയായി ഈടാക്കിയിട്ടുള്ളത്. വാർഷിക വരുമാനം 1,00,000 രൂപ വരെയുള്ളവർക്കാണ് ഈ സ്ലാബ് ബാധകമായത്. ഡോ. ബാബു. കെ. പി യോട് അദ്ദേഹത്തിന്റെ വാർഷിക വരുമാനം നിർദിഷ്ട ഫോറത്തിൽ സാക്ഷ്യപ്പെടുത്തി നൽകാൻ ആവശ്യപ്പെടാവുന്നതാണ് |
| 233 | ശ്രീമതി. ലീലാമ്മ സ്കറിയ | 10/766,766A ഹോട്ടൽ തുഷാര ഇന്റർനാഷനൽ | 15 | |
| 262 | ഡോ. അമൽ ജോസ് | 17/356 P,Q,R വി ഡെന്റ് മൾട്ടി സ്പെഷ്യലിറ്റി ക്ലിനിക്ക് | 4 | |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തതിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-10 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു

2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് തറ വിസ്തീർണ്ണം ചതുരശ്രമീറ്ററിന് 40/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. തൻ വർഷത്തെ ന്യൂ ബിൽഡിങ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പത്രിക (ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ക്വാർട്ടേഴ്സ് / ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതിദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഉദാ-

| കെട്ടിട നമ്പർ/കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കാവുന്ന നികുതി നിരക്ക് |
|---|---|---|
| 20/279 F,20/279 G<br>ശ്രീ. ബഷീർ പി. എ, പുറ്റേൻകുന്നമ്മൽ,<br>കാഞ്ഞംവയൽ, പുതുപ്പാടി 673586. | 4 | 40 |
| 2/389 B മുതൽ 2/389 E വരെ<br>ശ്രീ. മുഹമ്മദ്, ചിങ്ങംകുളത്തിൽ,<br>നൂറാംതോട് പി. ഒ, | 4 | 40 |
| 9/408 A മുതൽ 9/408 F വരെ<br>ശ്രീ. നവാസ്, ഇടമുറിയിൽ, തോട്ടുംമുഴി, മുറംപാത്തി 673580, | 4 | 40 |

പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. ഇതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-11 കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു/ലഭ്യമല്ല - നികുതി നഷ്ടം സംഭവിക്കുന്നു

2019-20 വർഷത്തെ FTEA&OS ലൈസൻസ് രജിസ്റ്റർ പ്രകാരം 602 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. പഞ്ചായത്തിലെ 2, 10, 13 വാർഡുകളിലെ FTEA&OS ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗ ക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു. ഉദാ-

| ഡി & ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ | ഡി & ഒലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 542 | 2/389 | നൂറാം തോട് സ്റ്റോർസ് – പല ചരക്ക് കട | ശ്രീ. അബ്ദുൾ സലാം, പൊൻപറച്ചാലിൽ, നൂറാംതോട് | പാർപ്പിടാവശ്യം |
| 372 | 10/239 F,G,H | സിഡാറ്റ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ | ശ്രീ. അബ്ദുൾ ബാരിസ്, ഉള്ളാടൻ, വേറുപാറ, ചീക്കോട്, – മലപ്പുറം 673640, 7909295253 | പാർപ്പിടാവശ്യം – റസിഡൻഷ്യൽ ഫ്ളാറ്റുകൾ |
| 498 | 10/382D | ഫോഴ്സ്-ഫിസിക്കൽ ട്രൈനിങ് സെന്റർ | ----- | Building Not Found |

| | | | | |
|---|---|---|---|---|
| 293 | 13/564 I | നന്ദ ടൈലറിങ് | ശ്രീ. റോയ് ജേക്കബ്, കൊട്ടുംമ്പുറത്ത്, മൈക്കാവ് 673573 | പാർപ്പിടാവശ്യം |
| 445 | 13/596 B | വി. എസ്. അഗ്രോ ഫുഡ് പ്രൊഡക്റ്റ് | ------ | Building Not Found |
| 446 | 13/596 A | വി. എസ് ഏജൻസീസ് | ------ | No Base Data |

കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറുന്നത് മൂലവും സഞ്ചയയിൽ ചേർക്കാത്തത് മൂലവും നികുതി നഷ്ടം സംഭവിക്കുന്നു. സഞ്ചയയിൽ ഇത്തരം അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം ശരിയായ രീതിയിലാണോ നിശ്ചയിച്ചത് എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. തനത് വരുമാനം നഷ്ടമാകുന്ന ഈ അപാകതയിലേക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 12 ച. മീ. യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് - സംബന്ധിച്ച്

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6), പരിശോധിച്ചപ്പോൾ 12 ച. മീ. വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള 69 കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി. എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടനമ്പർ | തറവിസ്തീർണ്ണം (ച. മീ.) | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 2/316 | 8 | പ്രസിഡൻറ്, ഇർഷാദുൽ ഇസ്ലാം സംഘം, നൂറാംതോട്, |
| 2 | 6/87 | 12 | ശ്രീ. കെ. ഒ. ജോസഫ്, പനന്തോട്ടത്തിൽ, മീമുട്ടി, 673580. |
| 3 | 11/505<br>11/506<br>11/507 | 7.96<br>7.96<br>7.02 | ശ്രീ. ഷറഫുദ്ദീൻ, കളത്തിൽ, വാവാട്, വാവാട്. |
| 4 | 15/33 | 9 | ശ്രീ. നാരായണൻ, കമ്പകക്കുഴി പുത്തൻപുരയിൽ, മുറമ്പാത്തി. |
| 5 | 15/43 | 11 | ശ്രീമതി. നളിനി കെ. റ്റി, പുത്തൻപുരയിൽ, മുറമ്പാത്തി. |
| 6 | 16/271 | 12 | ശ്രീമതി. മേരി കണ്ടത്തിൽ,<br>പ്ലാത്തോട്ടത്തിൽ, കോടഞ്ചേരി, കോടഞ്ചേരി – താമരശ്ശേരി, 673580. |
| 7 | 16/279 | 4 | ശ്രീമതി. മേരി കണ്ടത്തിൽ പ്ലാത്തോട്ടത്തിൽ, കോടഞ്ചേരി – താമരശ്ശേരി, 673580. |
| 8 | 16/538 | 10 | ശ്രീ. എം. കെ. മുഹമ്മദ്, മാളിയേക്കൽ, കോടഞ്ചേരി – താമരശ്ശേരി, 673580. |

മേൽ കെട്ടിടങ്ങളുടെയെല്ലാം വിസ്തൃതി വാണിജ്യ കെട്ടിടങ്ങൾക്ക് സമാനമായതാണ്. കൂടാതെ ഈ കെട്ടിടങ്ങളുടെയെല്ലാം തൊട്ടടുത്തുള്ള കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം പരിശോധിക്കേണ്ടതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-13 ചെക്ക് മടങ്ങി - തുടർനടപടി സ്വീകരിച്ചില്ല

ആരോഗ്യ ഇൻഷൂറൻസ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചെലവുകൾക്കായി 12,206/- രൂപയുടെ ചെക്ക് ( നമ്പർ – 354579 തിയതി 19-03-2019 ) 28/06/2019 ന് ( രസീത് നം. 11901050011 ) കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷൂറൻസ് എജൻസീസ് ഓഫ് കേരളയിൽ നിന്നും ലഭിച്ചിരുന്നു. ഈ ചെക്ക് ലഭിച്ചപ്പോൾ തന്നെ കാലാവധി കഴിഞ്ഞതായിരുന്നു. ഇത് പരിശോധിക്കാതെ ചെക്ക് സ്വീകരിച്ചു. ചെക്ക് ബാങ്കിൽ സമർപ്പിച്ചപ്പോൾ നിരാകരിച്ച് മടക്കി നൽകി. തുടർന്ന് 23-07-2019 ന് പുതിയ ചെക്ക് നൽകണമെന്നാവശ്യപ്പെട്ട് കത്ത് നല്കിയതല്ലാതെ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തുക നാളിതു വരെ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.

കാലാവധി കഴിഞ്ഞ ചെക്ക് ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ചതിന് വിശദീകരണം നൽകേണ്ടതും പഞ്ചായത്ത് ഫണ്ടിലേക്ക് പണം ലഭിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുമ്പോൾ, തനത് ഫണ്ട് ഉപയോഗിച്ച റോഡ് പണി നടത്തുന്നു

2019-20 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നം. | പ്രോജക്ട് നം./തീയതി | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 80/19-20 – അടിമണ്ണ് ശ്മശാനം പുന്നകുറ്റി റോഡ് | 300000 | 299700 |
| 2 | 117/19-20- കുന്നംപുറത്ത് ജംഗ്ഷൻ – പുലയൻ പറമ്പിൽപടി റോഡ് | 300000 | 300000 |
| 3 | 125/19-20 – മുരിക്കിൻചാൽ ചിറക്കച്ചാലിൽപ്പടി റോഡ് | 300000 | 300000 |
| 4 | 137/19-20 – കുരോട്ട്പാറ മരുതാംതോട് റോഡ് | 300000 | 278700 |
| 5 | 141/19-20- മാടത്തിപ്പറായിൽ റോഡ് | 300000 | 251700 |
| 6 | 146/19-20-കോറോട്ടുകുടിത്താഴം എസ്റ്റേറ്റ് റോഡ് | 300000 | 300000 |
| 7 | 163/19-20 – വെളിമുണ്ടപ്പുഴ റോഡ് | 300000 | 299700 |
| 8 | 172/19-20-പല്ലാട്ട്പടി പുളിക്കപ്പാലം റോഡ് | 200000 | 200000 |
| 9 | 212/19-20-കണ്ണാണ്ടപടി നെടുംകുണ്ട് കാവുമല റോഡ് | 300000 | 281400 |
| 10 | 269/19-20-മുരിക്കിൻചാൽ മുതുപ്ലാക്കൽപ്പടി വലിയകൊല്ലി റോഡ് | 400000 | 365120 |
| | ആകെ | | 2876320 |

2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 11351769/- രൂപ വിവിധ പദ്ധതികൾക്കായി വിനിയോഗിക്കാതെ സ്ഥാപനം നഷ്ടപ്പെടുത്തിയിട്ടുണ്ട് എന്നിരിക്കെ, 28 ലക്ഷത്തിൽപ്പരം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് റോഡ് പ്രവൃത്തികൾ നടത്തിയതിന്റെ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 16/23.07.2021 – ന് മറുപടി സമർപ്പിച്ചിട്ടില്ല. പദ്ധതി രൂപീകരണ പ്രക്രിയയിൽ കൃത്യമായ ആസൂത്രണമില്ലായ്മയാണ് മേൽ അപാകതയ്ക്ക് വഴി വെച്ചത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. സ്ഥാപനത്തിന് ലഭ്യമായ എല്ലാ ഫണ്ടുകളെക്കുറിച്ചും വ്യക്തമായ ധാരണയോടു കൂടി കൃത്യമായി അസൂത്രണം ചെയ്ത് പദ്ധതികൾ രൂപീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ സമിതി അംഗങ്ങളും ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്.

## 1-15 നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ചു

കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷമാണ് ചമച്ചിരിക്കുന്നത്.

| പ്രോജക്ട് നം./പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ തീയതി/ തുക | ഈടാക്കാ-വുന്ന പിഴ |
|---|---|---|---|---|---|
| 274/19-20 - പട്ടപുറം കടുക്കത്തിൽപടി സിറിയക് കോളനി റോഡ് | സി.ജെ.മത്തായി | 4.02.19 | 18.02.19 | 4.03.19 /400000 | 4000/- |
| 125/19-20 – മുരിക്കിൻചാൽ ചിറക്കച്ചാലിൽപ്പടി റോഡ് | ശ്രീ. ബിജോ. കെ. പി | 28.10.19 | 11.11.19 | 14.12.19/ 300000 | 3000/- |
| 178/19-20 – ബഡ്സ് സ്കൂൾ പൂർത്തീകരണം | ശ്രീ. കെ. ബി. ശിവപ്രതാപൻ | 28.10.19 | 11.11.19 | 15.11.19/ 800000 | 8000/- |

മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷം കരാർ ചമച്ചില്ലെങ്കിൽ അപ്രകാരമുള്ള ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണെന്ന നിബന്ധന പാലിക്കാതേയും പിഴ ഈടാക്കാതേയും അതേ കരാറുകാരനെ തന്നെ കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11/19.07.2021-ന് മറുപടി ലഭ്യമായിട്ടില്ല.

## 1-16 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2019-20 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | നൂറംതോട് പാലക്കുന്ന് റോഡ് കോൺക്രീറ്റ് | 250000 | 250000 |
| 2 | മാടത്തിപ്പാറയിൽ റോഡ് കോൺക്രീറ്റ് | 300000 | 251700 |
| 3 | പുതുപ്പറമ്പിൽപ്പടി മത്തിൽപ്പടി റോഡ് കോൺക്രീറ്റ് | 300000 | 60700 |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11 ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mm ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പ് നം. 10/19.07.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-17 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

എ) ജി. എസ്. ടി പരിഹാര തുക ഒരിക്കൽ ഉൾപ്പെടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്.

സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണ്. ഓവർ ഹെഡ്സ് ചാർജ്ജ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് ജി. എസ്. റ്റി ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, ഭരണാനുമതി ലഭ്യമാക്കേണ്ടത് വ്യവസ്ഥ 6 - ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമേ, ബാധകമായ ജി. എസ്. റ്റി യ്ക്കുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ്. അതിൻപ്രകാരം ജി. എസ്. റ്റി – യ്ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ

കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ് വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി.എസ്.റ്റി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് (സ്പിൽ ഓവർ ഒഴികെ) തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.

ഓവർ ഹെഡ്സ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST) /ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി ഒരിക്കൽ നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ തുക അധികമായി ലഭിക്കുന്നു. ജി. എസ്. ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നല്കലാണ്. അനവധി പദ്ധതികൾ നടപ്പാക്കുന്നതിനാൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.

ബി) <u>വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവർത്തികൾക്കും നൽകുന്നു.</u>

പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാകുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. ആയതിനാൽ അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8/19.07.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## <u>1-18 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല</u>

തൻവർഷം ടെണ്ടർ ചെയ്ത 158 പ്രവൃത്തികളിൽ 26 എണ്ണം ഒഴികെ ബാക്കിയുള്ളവയ്ക്ക് രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളിലും മേൽപ്പറഞ്ഞ രീതിയിൽ രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. ന്യൂനതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1/16.07.2021 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## <u>1-19 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ</u>

1. പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
2. കാഷ്ബുക്ക് - സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

3. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
4. പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.
5. ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 3/16.07.2021- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നൽകുന്നതിനോടൊപ്പം അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 സ്പിൽഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല

ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | അടങ്കൽ(രൂ.) |
|---|---|---|---|
| 1 | 259/19-20 | പൂവത്തിൻചുവട്ടു പെലക്കടിപടി വട്ടചുവട്ടു റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 400000 |
| 2 | 261/19-20 | തുഷാരഗിരി കുടിവെള്ള പദ്ധതി | 500000 |
| 3 | 271/19-20 | ചന്ദ്രൻകുന്നേൽപടി നിരന്നപാറ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 356000 |
| 4 | 272/19-20 | പൈകയിൽപടി കൂടക്കോട്ടപടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 200000 |
| 5 | 278/1920 | ആറംതോട് പി. എം മുഹമ്മദ് മെമ്മോറിയൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 102000 |
| 6 | 279/19-20 | ആറംതോട് അംഗനവാടി സൗകര്യം മെച്ചപ്പെടുത്തൽ | 200000 |
| 7 | 283/19-20 | നിരന്നപാറ കുടിവെള്ള പദ്ധതി | 700000 |
| 8 | 288/19-20 | പാലക്കൽ അംഗനവാടി മെയിന്റനൻസ് | 450000 |
| 9 | 290/19-20 | കൃഷിഭവൻ ടോയ് ലറ്റ് നിർമാണം | 250000 |

2019-20 വർഷത്തെ അകെ 202 പൊതുമരാമത്ത് പദ്ധതികളിൽ 44 എണ്ണവും സ്പിൽ ഓവർ പദ്ധതികളായിരുന്നു. മുൻ വർഷങ്ങളിൽ ഏക വർഷ പ്രൊജക്ടുകളായി ആസൂത്രണം ചെയ്ത പദ്ധതികളിൽ 9 പദ്ധതികൾ നിർവ്വഹണത്തിനായി ഒരു അധിക വർഷം ലഭിച്ചിട്ടും നിർവ്വഹണം നടത്തുന്നതിന് സാധിച്ചിട്ടില്ല. മേൽ പ്രൊജക്ടുകൾക്ക് മാത്രമായി വകയിരുത്തിയ 3703410/- രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

സ്പിൽ ഓവർ പദ്ധതികൾക്ക് ഭരണ - സാങ്കേതിക അനുമതികൾ മുൻകൂറായി ലഭിച്ചിരുന്ന സാഹചര്യത്തിലും പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തി നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി പ്രവർത്തനങ്ങളിൽ ഇടപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിലുള്ള പങ്ക് വഹിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതിയായതിനാൽ നടപ്പ് വർഷം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ പദ്ധതിയും അടങ്കൽ തുകയും നഷ്ടപ്പെടുന്ന സാഹചര്യം മുൻനിർത്തി മുൻഗണനാ ക്രമത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികളുണ്ടായില്ല.

മേൽ പദ്ധതികൾ പൂർത്തിയാക്കാത്തതു കാരണം തൻ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 3703410/- രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ആയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/16.07.2021 - ന് മറുപടി സമർപ്പിച്ചിട്ടില്ല. സ്പിൽഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കാതെ പദ്ധതി വിഹിതം നഷ്ടമാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-21 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി. എസ്. ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി. എസ്. ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2019-20 ൽ ജി. എസ്. ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി. എസ്. ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി. എസ്. ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി. എസ്. ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി. എസ്. ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കി വിവരം അറയിക്കുന്നതിനോടൊപ്പം അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4/16.07.2021 – ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

## 1-22 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ ചെയ്തതിന്റെ വിവരം ലഭ്യമല്ല

2019-20 സാമ്പത്തിക വർഷം വരെ ഇ – ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ 2019-20 സാമ്പത്തിക വർഷം വരെ ലഭിക്കുവാനുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പ് നം. 5/16.07.2021 – ന് മറുപടി സമർപ്പിച്ചിട്ടില്ല. തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017 ലെ സർക്കാർ ഉത്തരവ് (കൈ) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതു വിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26 – ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് 2019-20 – ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം – 17 പ്രകാരം താഴെ പറയുന്ന വിവരങ്ങൾ ആണ് ബോർഡിൽ ഉൾപ്പെടുത്തേണ്ടത്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9.ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെടാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പ് നം. 17/23.07.2021 – ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-24 റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ട് ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016-ലെ ജി.ഒ.(ആർ.ടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2019-20 വാർഷിക പദ്ധതിപ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ ടാർ ബില്ലുകൾ ഫയലിൽ ലഭ്യമല്ല. ആകയാൽ ബിറ്റുമിൻ വാങ്ങലിന്റെയും അതിന്റെ ഉപയോഗത്തിന്റെയും ആധികാരികത ഉറപ്പാക്കാനായിട്ടില്ല. ഈ വിഷയം ഉന്നയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 2/16.07.2021 - ന് മറുപടി സമർപ്പിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശം പാലിക്കാത്തതിനും വാങ്ങലിന്റെ ആധികാരികത ഉറപ്പാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

## 1-25 കരാറുകാരുടെ ജി. എസ്. ടി ഇൻവോയിസ് ലഭ്യമല്ല

മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി. എസ്. ആർ, കോസ്റ്റ് ഇൻഡിസസ് എന്നിവയിൽ ജി. എസ്. ടി ഉൾപ്പെട്ടിട്ടുള്ളതാണ്. 12% ജി. എസ്. ടി കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ വേല മൂല്യത്തിൽ നിന്ന് 2% ജി. എസ്. ടി, ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി. എസ്. ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി. എസ്. ടി ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൽവോയിസുകൾ ഇല്ലാതെ തന്നെ ജി. എസ്. ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്. ജി. എസ്. ടി ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തി വിവരം അറയിക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 6/16.07.2021 – ന് മറുപടി സമർപ്പിച്ചിട്ടില്ല. നികുതി ഒടുക്കുന്നതിന്റെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-26 മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല

അസി. എഞ്ചിനീയർ തൻവർഷം നടപ്പാക്കുന്നതിനായി 202 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 58 പദ്ധതികളാണ് പൂർത്തീകരിച്ചത്. ആയതിൽ ഏതാനും പദ്ധതികൾ ഒഴികെ ബാക്കിയുള്ളവയുടെ കാര്യത്തിൽ മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകിയിരിക്കുന്നു.

മെമ്പർമാരും കൺവീനറും ഉൾപ്പെടുന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. തൻവർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടുള്ളത് എന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്.

നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ചുള്ള ചർച്ചകളോ നടപ്പാക്കിയ പദ്ധതികളുടെ അവലോകനമോ വർക്കിംഗ് ഗ്രൂപ്പിൽ നടത്തിയിട്ടില്ല. ഫലത്തിൽ പദ്ധതി രൂപീകരണത്തിലും പ്രവർത്തനങ്ങളിലും കാര്യമായ യാതൊരു ഇടപെടലും വർക്കിംഗ് ഗ്രൂപ്പ് / മോണിട്ടറിംഗ് സമിതി നടത്തുന്നില്ല. മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9/19.07.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ ശ്രദ്ധ ചെലുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യമാണ്.

## 1-27 ജല അതോറിറ്റിക്ക് വെള്ളക്കരമൊടുക്കൽ - കൃത്യത ഉറപ്പു വരുത്തുന്നില്ല

പ്രൊജക്ട് നം. : എസ്. 0003/20

അടങ്കൽ തുക : 12,12,756/-രൂപ

ചെലവു തുക : 10,60,022/-രൂപ

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്തു പരിധിയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക്ക് ഓഡിറ്റ വർഷം മേൽ പ്രൊജക്ട പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 9,56,856/- രൂപയും തനതു ഫണ്ടിൽ നിന്നും 1,03,166/- രൂപയുമടക്കം ആകെ 10,60,022/-രൂപ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസു പ്രകാരമുള്ള തുകയാണ് ഒടുക്കിവരുന്നത്. ഡിമാന്റ് നോട്ടീസു പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 231 വാട്ടർ ടാപ്പുകളാണുള്ളത്. ഒരു ടാപ്പിന് പ്രതിവർഷം 5,250/-രൂപ നിരക്കിലാണ് വെള്ളക്കരം ഈടാക്കുന്നത്. വെള്ളക്കരമിനത്തിൽ വൻതുക വർഷം തോറും ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. എന്നാൽ നിലവിൽ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളെ അടിസ്ഥാനപ്പെടുത്തിയാണോ വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നതെന്ന് ഉറപ്പുവരുത്താതെയാണ് ഭീമമായ സംഖ്യ ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ നിലവിലുള്ള വാട്ടർ ടാപ്പുകളുടെ എണ്ണവും, അവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും കാണിക്കുന്ന വാട്ടർ ടാപ്പ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സംവിധാനമില്ല. ആയതിനാൽ നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്കും വെള്ളക്കരം ഒടുക്കേണ്ടി വരുന്ന അവസ്ഥയാണുള്ളത്. ഇത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നടപടി പൂർത്തീകരിച്ചിട്ടില്ല. ഭരണസമിതിയുടെ 18.5.2019 - ലെ 7 - ാം നമ്പർ തീരുമാന പ്രകാരം നിരവധി ടാപ്പുകൾ പ്രവർത്തിക്കാത്തതിനാൽ വാട്ടർ അതോറിറ്റിക്ക് കത്തു നൽകാൻ തീരുമാനിക്കുകയും സംയുക്തപരിശോധന നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി വൈസ് പ്രസിഡന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നതിന് ജല അതോറിറ്റിയുടെ സേവനം ലഭിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും തുടർനടപടികൾ കൈക്കൊള്ളേണ്ടതും ഈയിനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 15/2019-20 തീയതി 19.07.2021 ) ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ സംയുക്തപരിശോധന നടപടികൾ പുരോഗമിക്കുകയാണ് എന്ന് അറിയിച്ചു. ഇക്കാര്യത്തിലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/ വിനിയോഗ വിവരം ലഭ്യമല്ല.

1. പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ്

പ്രോജക്ട് നമ്പർ - എസ് 0380/20

അടങ്കൽ - 4,18,250/- രൂപ – തനത് ഫണ്ട്

ചെലവ് - 4,18,250/- രൂപ – ചെക്ക് നമ്പർ 3032686 തീയതി 15.2.2020

പഞ്ചായത്ത് ഓഫീസ് സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ സീറ്റിലേക്കും നെറ്റ് വർക്കിംഗ് സംവിധാനം ഒരുക്കുന്നതിനാണ് ഈ പ്രോജക്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി. ഡബ്ളിയു. ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷൻ, കോഴിക്കോട് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി. ഡബ്ളിയു. ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷൻ, തൃശ്ശൂരിന് തുക കൈമാറുകയായിരുന്നു.

2. ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാൾ ആധുനീകരണം

പ്രോജക്ട് നമ്പർ - എസ് 0374/20

അടങ്കൽ - 75,000/- രൂപ – തനത് ഫണ്ട്

ചെലവ് - 75,000/- രൂപ, ഓൺലൈൻ ട്രാൻസ്ഫർ തീയതി 22.2.2020

മേൽ രണ്ട് പ്രോജക്ടുകളുടെയും പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 14/2019-20 തീയതി 19.07.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ടുകളുടെ പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ടുകളിലൂടെ നടത്തിയ 4,93,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 അങ്കണവാടികളിലെ പോഷകാഹാര വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ. സി. ഡി. എസ് സൂപ്പർവൈസർ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 40/20 അനുപൂരക പോഷകാഹാരം – ST | 3,00,000/- | 278859/- |
| 2 | 52/20 അനുപൂരക പോഷകാഹാരം | 3865488/- | 3150079 |

ജി.ഒ. (എം. എസ്.) 4/2016/ എൽ.എസ്.ജി.ഡി. 11.01.2016 പ്രകാരം അങ്കണവാടികളിൽ നിന്നും യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും തുടർച്ചയായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇതിനായി അങ്കണവാടി വെൽഫയർ കമ്മിറ്റിയ്ക്ക് പുറമേ ഗ്രാമസഭകളിൽ നിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കേണ്ടതും ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും, ഗുണനിലവാരവും സംബന്ധിച്ച് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിയ്ക്കേണ്ടതുമാണ്.

അങ്കണവാടി സ്ഥിതി ചെയ്യുന്ന പ്രദേശമുൾപ്പെടുന്ന അയൽസഭയുടെ നിർവ്വാഹക സമിതിയും പോഷകാഹാരവിതരണം കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. കൂടാതെ പോഷകാഹാര വിതരണം കുറ്റമറ്റതാക്കാൻ വാർഡ് ജനപ്രതിനിധികളും അങ്കണവാടികളിൽ സന്ദർശനം നടത്തേണ്ടതാണ്.

എന്നാൽ ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചത് സംബന്ധിച്ചോ, അങ്കണവാടികളിൽ സന്ദർശനം നടത്തി ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ചോ യാതൊരു വിവരങ്ങളും ഇല്ല.

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (35/20-21 Dt 27.07.21) ഐ.സി.ഡി.എസ്. സൂപ്പർവൈസർ 28.07.21 ന് നൽകിയ മറുപടിയിൽ അങ്കണവാടി പ്രവർത്തനം വിലയിരുത്തുന്നതിനും പോഷകാഹാരവിതരണം ഉറപ്പുവരുത്തുന്നതിനും ALMSC (Ankanawadi Level Monitoring And Supplying Committee) സജീവമാണെന്നും 2016 ൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിരുന്നെങ്കിലും നിലവിൽ സജീവമല്ലെന്നും കമ്മിറ്റി പുനഃസംഘടന നടത്തി അങ്കണവാടികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് ( നമ്പർ 28/19-20 തിയ്യതി 26.07.21 ) മറുപടി ലഭിച്ചിട്ടില്ല.

## 1-30 അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ ഫയൽ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പിലെ പൊതു അപാകതകൾ

1) ക്യാഷ് ബുക്ക്

സ.ഉ(പി)177/2006 ഫിൻ. തീ – 12.04.2006, സ.ഉ(പി) 119/2015 ഫിൻ. തീ – 21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

2) പ്രൊജക്ട് രജിസ്റ്റർ

G O (P) No. 177/2006 Fin. Dt 12.04.2006, G O (P) No. 119/2015 Fin. Dt. 21.03.2015 എന്നിവ പ്രകാരം സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. ഇപ്രകാരം പ്രൊജക്ട് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താത്തതിനാൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ, നിർവ്വഹണം നടത്താതിരുന്നവ, വിവിധയിന ഫണ്ടുകളിൽ നിന്നും ചെലവഴിച്ച തുകകൾ, കുടിശ്ശികയായ ബില്ലുകൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭിക്കാതെ വരുന്നു.

3) വിതരണ രജിസ്റ്റർ

താഴെ വിവരിച്ച പ്രോജക്ടുകൾ പ്രകാരം, പഠനമുറി, വിവാഹ ധന സഹായം, വാട്ടർ ടാങ്ക്, എന്നിവ അനുവദിച്ചതിന്റെ വിശദാംശങ്ങൾ വിതരണ രജിസ്റ്ററിലില്ല. ആർക്കൊക്കെ ആനുകൂല്യം നൽകിയെന്നും, നേരത്തേ ആനുകൂല്യം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അനർഹമായി കൈപ്പറ്റിയ സാഹചര്യം ഉണ്ടായാൽ നഷ്ടപരിഹാരം ഈടാക്കുന്നതിനും വിതരണ രജിസ്റ്റർ അത്യാവശ്യമാണ്. കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ സ്വീകരിച്ച് സ്റ്റോക്കിൽ ചേർക്കേണ്ടതും, ആർട്ടിക്കിൾ 152 പ്രകാരം സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്തു തന്നെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതുമാണ്.

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1 | 7/20 SC -Water Tank | 200000/- | 37087/- | Queue Bill |
| 2 | 10/20 ST -Water Tank | 60000/- | 6037 | Queue Bill |

4) ഗുണഭോക്തൃ ലിസ്റ്റ്

പതിമൂന്നാം പഞ്ച വത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ ഉ (കൈ) നം. 22/2018 തസ്വഭവ തിരു. 14.02.2018) പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കണം.എന്നാൽ അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5.ഫയൽ സൂക്ഷിപ്പ്

Manual Of Office Procedure പ്രകാരം ഫയൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല ( Arrangements Of Files) . MOP Para 43 പ്രകാരം നടപ്പു ഫയൽ(Current File ) കുറിപ്പ് ഫയൽ( Note File) എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി സൂക്ഷിക്കേണ്ടതാണ്.

നിലവിൽ ബില്ലുകളുടേയും മറ്റും കടലാസ് കെട്ടുകളായാണ് ഫയൽ സൂക്ഷിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് 27/19-20 തിയ്യതി 26.07.21 ന മറുപടി ലഭിച്ചിട്ടില്ല.

## 1-31 ആശ്രയ- അവലോകനം

ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ വീട് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് മുഴുവനും ഭവനം നിർമ്മിച്ച് നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

സ.ഉ (എം.എസ്)22/2018/ത.സ്വ.ഭ.വ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. സ.ഉ (എം.എസ്)252/ 2017/ ത.സ്വ.ഭ.വ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമി യുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. 14.09.2018 ലെ സ.ഉ (എം.എസ്)/128/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷം പ്രസ്തുത മേഖലയിൽ പ്രോജക്ടുകളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

## 1-32 ക്യാൻസർ നിർണ്ണയ ക്യാമ്പ് - രോഗ നിർണ്ണയം നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി. എച്ച് സി

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ക്യാമ്പുകൾ നടത്തിയ തിയ്യതി |
|---|---|---|---|---|
| 1 | 46/20 ക്യാൻസർ നിർണ്ണയ ക്യാമ്പ് | 97,282/- | 97,282/- 24/19-20,Dt.11.10.2019 | 04.03.2019 |
| 2 | 234/20 ക്യാൻസർ നിർണ്ണയ ക്യാമ്പ് | 1,20,000/- | 1,19,353/- 2/19-20Dt.29.04.2019 | 09.102018,16.11.2018 |

സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതിയായ ജീവനം പദ്ധതിയുടെ ഭാഗമായി ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തിയ വകയിൽ Eksat HRD Training & Research Institute എന്ന സ്ഥാപനത്തിന് മേൽപ്പറഞ്ഞ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ രോഗ നിർണ്ണയം നടത്തിയതിന്റെ റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചത് സംബന്ധിച്ചോ, പ്രോജക്ട് സംബന്ധിച്ചോ യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനു നൽകിയ അന്വേഷണക്കുറിപ്പിന് ( നമ്പർ 29/19-20 തിയ്യതി 27.07.21 ) മറുപടി ലഭിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 2,16,635/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനായെടുത്ത ദിവസങ്ങൾ | ഈ റിപ്പോർട്ടിന്റെ അതേ നമ്പറും തിയ്യതിയും |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 8,00,000 | പാലിന് സബ്സിഡി | 8,00,000 | - |
| | 9,45,000 | ക്ഷീരഗ്രാമം | 9,45,000 | - |
| | 4,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോർളർഷിപ്പ് | 4,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2,16,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോർളർഷിപ്പ് | 2,10,000 | 6,000 |
| | 5,00,000 | ഇൻഫ്രാസ്ട്രക്ച്ചർ ജി.എൽ.പി.എസ് മുറമ്പാത്തി | - | 5,00,000 |
| | 1,50,000 | അനുപൂരക പോഷകാഹാരം | 1,47,000 | 3,000 |
| | 19,00,000 | പാലിന് സബ്സിഡി | 19,00,00 | - |
| | | | | 5,09,000 |

*സംയുക്ത പ്രോജക്ടുകൾക്കായുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിൽ ( അക്കൗ. നം. 799011400000985 )നീക്കിയിരിപ്പ് തുക 501492/- രൂപയാണ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ അംഗൻവാടി പോഷകാഹാരം പ്രോജക്ടിൽ സെൻട്രൽ വിഹിതമായി ചെലവഴിച്ച 7508/- രൂപ തെറ്റായി ഈ അക്കൗണ്ടിൽ നിന്നും അനുവദിച്ചതിനാൽ നീക്കിയിരിപ്പ തുകയിൽ കുറവു വന്നു. ഈ കുറവ് ക്രമീകരിക്കേണ്ടതാണ്.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് പ്രോജക്ട് നമ്പർ - എസ് 0380/20 | ചെക്ക് നമ്പർ 3032686 തീയതി 15.2.2020 | 4,18,250/ | -- | 4,18,250/ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7,18,495/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്മിഷൻ KURDFC HUDCO വായ്പ | | 7,18,495 | 23,70,167 | 4,55,882 | 0 | 26,32,780 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 635910 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 50873 |
| ആകെ | 686783 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 686783 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി.ബാങ്ക്, കോടഞ്ചേരി 100501807520020 | 27.9.19 | 1 വർഷം | 398329 | |
| 2 | കെ.ഡി.സി. ബാങ്ക്, കോടഞ്ചേരി 100501807520019 | 30.6.19 | 1 വർഷം | 288454 | |
| ആകെ | | | | 686783 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2003-04 | 11.13.5.4 (പൊതു പരാമർശം) | മൈത്രി ഭവനപദ്ധതി | തുടരുന്നു |
| 1997-98 | 45 | 2003-04 | 11.13.7.8 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | -ടി- |
| 1998-99 | 19 | 2003-04 | ടി | ടി | -ടി- |
| 2010-11 | 3-11 | 2011-12 | 3.3.6, 3.3.12 (അവലോകനം) | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | -ടി- |
| 2011-12<br>2012-13 | 4.1.1. | 2013-14 | 6-4 (അവലോകനം) | തെരുവു വിളക്ക് സംരക്ഷണം | -ടി- |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2013-14 | 6.4.1 (അവലോകനം) | തെരുവു വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | -ടി- |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.6 | കൃഷി, മൃഗസംരക്ഷണം, പദ്ധതി നിർവ്വഹണം- ധനവിനിയോഗ കാര്യക്ഷമത | -ടി- |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | -ടി- |
| 2015-16 | 2-3 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി അപാകതകൾ | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72389925 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37525257 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 709885 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 4,93,250 | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി |
| 1-32 | 2,16,635 | ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ, PHC |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

-ഇല്ല-

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി, കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് | ശ്രീ. ഗിരീഷ് കുമാർ കെ, കണ്ണ്യേരുപ്പിൽ വീട്, താമരശ്ശേരി പി. ഒ. |
| ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ, PHC | ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ, PHC, കോടഞ്ചേരി | ഡോ. അബ്ദുറഹിമാൻ, ഗ്രേസ് വില്ല, എലക്കര, പുതുപ്പാടി |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(1) തീ.14.9.2011 | 1<br>(13) |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(2)തീ.14.9.2011-ഇല്ല- | 2<br>(40, 45) |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(3)തീ.14.9.2011 | 3<br>( 15, 17, 19) |

| | | |
|---|---|---|
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(4) തീ.15.9.2011 | 2<br>( 21, 25) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(5) തീ.15.9.2011 | 8<br>(2-1, 2-3, 2-4, 3-3,<br>3-4, 3-5, 3-7, 3-8) |
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 4<br>(2-1, 2-2, 2-4, 2-5) |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 8<br>(2-1, 2-6, 2-11, 2-12,<br>2-13, 2-14, 2-15, 2-16) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(7)തീ.15.9.2011 | 5<br>(2-1, 2-2, 3-1, 3-2, 3-4) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(18)തീ.15.9.2011 | 1<br>(3-1) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(10) തീ.15.9.2011 | 6<br>(2-12, 3-6, 3-8, 3-16,<br>3-19, 3-22) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി3/633/ 2012/ തീ.27.6.2012 | 24<br>(2-1, 2-3, 2-4, 2-5, 2-6, 2-8, 2-9, 2-10, 2-13, 2-14, 2-15, 2-16, 2-17, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-12, 3-15, 4-2, 4-7) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി3/ 332/2012/ തീ.5.7.2012 | 19<br>(1-2, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-6, 3-9, 3-11, 3-13, 3-14, 3-15,3-16, 3-17, 3-19(3), 3-23, 4-3, 4-7) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/ 818//2012(1)/തീ.30.10.2013 | 13<br>(1-1, 2-2, 2-3, 2-4(2),<br>3-1, 3-2(A,B), 3-3, 3-4,<br>3-5, 3-6, 3-7(1,2),4-6,<br>4-7) |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി3/819/ 13/ തീ.18.10.2013 | 15<br>(1-1, 1-3, 2-1, 2-2, 2-3, 2-4, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 4-3, 4-6) |
| 2011-12<br>2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/ 1464//2014/തീ.9.10.2014 | 10<br>(2-3(4), 3-1, 3-2, 3-3,<br>3-4, 3-7, 3-9, 3-10,<br>3-12, 3-13(1)) |
| 2013-14<br>2014-15 | എൽ.എഫ്.കെ.കെ.ഡി.പി13/ 247//2016/തീ.23.9.2016 | 15<br>(2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,<br>3-12, 3-13, 3-14, 3-15, 4-10) |
| 2015-16 | എൽ.എഫ്.കെ.കെ.ഡി.പി13/ 1818//2016/തീ.25.3.2017 | 14<br>(2-1, 3-1, 3-2, 3-3, 3-4 |

| | | |
|---|---|---|
| | | 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 4-10) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി6/668/2021/ തീ.17.6.2021 | 36<br>(2-1, 2-2, 2-3, 2-4, 2-5,<br>2-6, 2-7,2-8, 2-9, 2-10,2-11, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24,<br>3-25, 3-26, 3-27, 4-9) |
| 2017-18 | എൽ.എഫ്.കെ.കെ.ഡി.പി16/838/<br>2019/13.8.2019 | 8<br>1-11(1), 1-11(4), 1-11(5),<br>1-11(7), 3-1, 3-2, 3-5, 3-6 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./ പി6/178/20/20.2.20 | 18<br>1-1, 1-5, 1-7, 1-8, 1-9, 1-11, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-23, 1-24, 1-27, 1-30, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## .ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്